# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4742 — 29.06.2012 ൽ മറുപടിക്ക്

## പൗരാവകാശരേഖ പുതുക്കൽ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി : | ഡോ. എം. കെ. മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി ) |
| (എ) പൗരാവകാശരേഖ പുതുക്കുന്നത് സംബന്ധിച്ച് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ബാധകമായ എന്തെങ്കിലും നിയമവ്യവസ്ഥയുണ്ടോ; എങ്കിൽ പ്രസ്തുത വ്യവസ്ഥ എന്താണ് എന്നറിയിക്കുമോ ; | (എ) ഉണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 272 എ പ്രകാരവും 2004 ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശ രേഖ തയ്യാറാക്കൽ ) ചട്ടങ്ങളിലെ ചട്ടം 9 പ്രകാരവും പഞ്ചായത്തുകൾ പൗരൻമാർക്കുള്ള അവകാശങ്ങൾ സംബന്ധിച്ച് പൗരാവകാശരേഖ പ്രസിദ്ധപ്പെടുത്തണമെന്നും ആയത് വർഷത്തിലൊരിക്കൽ പുതുക്കുകയും കാലാനുസൃതമാക്കുകയും ചെയ്യേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 563(എ) പ്രകാരം മുനിസിപ്പാലിറ്റികൾ പൗരാവകാശ രേഖ പ്രസിദ്ധപ്പെടുത്തണമെന്നും ആയത് വർഷത്തിലൊരിക്കൽ എങ്കിലും പുതുക്കുകയും കാലാനുസൃതമാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

(ബി) ഇപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ പൗരാവകാശ രേഖ പുതുക്കി പ്രസിദ്ധീകരിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടോ;
ഇല്ലെങ്കിൽ ഇതു സംബന്ധിച്ച ചുമതല പെർഫോമൻസ് ഓഡിറ്റ് സംവിധാനത്തിന് നൽകുമോ ?

(ബി) ഉണ്ട്. ഗ്രാമ പഞ്ചായത്തുകളിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും മുനിസിപ്പാലിറ്റികളിൽ പെർഫോർമൻസ് ഓഡിറ്റ് സംവിധാനം ഉൾപ്പെടെ വിവിധ ഓഡിറ്റ് വിഭാഗങ്ങളും പൗരാവകാശരേഖ ഓരോ വർഷവും പുതുക്കി പ്രസിദ്ധീകരിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നുണ്ട്. ബ്ലോക്കു പഞ്ചായത്തുകളിൽ ഇത് പരിശോധിക്കുന്നതിന് പ്രത്യേക സംവിധാനം നിലവിലില്ല.

സെക്ഷൻ ഓഫീസർ